ഇത് എന്നുള്ള വസ്തുത കാണേണ്ടതുണ്ടെന്നേ സൂചിപ്പിച്ചുകൊണ്ട്, വോട്ട് ഓൺ അക്കൗണ്ടിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷപീഠത്തിൽ ശ്രീ. ഇ. എം. അഗസ്തി)

## വ്യക്തിപരമായ വിശദീകരണം

ശ്രീ. എ. യൂനസ് കുഞ്ഞ്: സർ, ബഹുമാനപ്പെട്ട ബാലൻ വൈദ്യർ പ്രസംഗിച്ചപ്പോൾ 500 ടൺ കശുവണ്ടിയുടെ കാര്യം പറഞ്ഞു. 500 ടൺ കശുവണ്ടിക്ക് ആകെ വിലവരുന്നത് അഞ്ചുലക്ഷത്തിൽ താഴെ രൂപയാണ്. അഞ്ചുലക്ഷം രൂപയിൽ താഴെ വിലവരുന്ന സാധനത്തിന് എങ്ങനെയാണ് 23 കോടി രൂപ ടാക്സ് വരുന്നത്? ഇങ്ങനെ നടക്കാത്ത ഒരു കാര്യത്തെക്കുറിച്ച്*** ഇവിടെ പറഞ്ഞത്. അതാണ് അതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്. ഇത് നടക്കാത്ത ഒരു കാര്യമാണ്.

ശ്രീമതി കെ. സി. റോസക്കുട്ടി: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുന്നു. യാതൊരു തരത്തിലും ഉള്ള പൊള്ളയായ വാഗ്ദാനങ്ങളോ കാപട്യമോ ഇല്ലാതെ അടുത്ത 4 മാസത്തേക്കുള്ള, ഈ സംസ്ഥാനത്തിന്റെ അനുദിന ചെലവുകൾ വഹിക്കുന്നതിനുള്ള വോട്ട് ഓൺ അക്കൗണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ. പത്മരാജൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ബഹുമാന്യനായ ബാലൻ വൈദ്യർ, അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽത്തന്നെ പറഞ്ഞു, ഈ വോട്ട് ഓൺ അക്കൗണ്ട് ചർച്ചയിൽ പങ്കെടുക്കാൻ സമയം ലഭിച്ചില്ല എന്ന്. പക്ഷെ അദ്ദേഹത്തിന്റെ പ്രസംഗം മുഴുവൻ, ഇതിനെക്കുറിച്ച് ഒരക്ഷരംപോലും പരാമർശിക്കാതെയാതൊരു തെറ്റും ഈ വോട്ട് ഓൺ അക്കൗണ്ടിൽ കാണാതെ, കോൺഗ്രസ്സിന്റെ ആഭ്യന്തര കാര്യങ്ങളെക്കുറിച്ച് പരാമർശിക്കാനും, അതുപോലെതന്നെ മുഖ്യമന്ത്രിയെ താറടിച്ചു കാണിക്കുന്നതിനുള്ള ഒരു ശ്രമം നടത്താനുമാണ് തുനിഞ്ഞത്. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റും, ഇന്ത്യയുടെ പ്രധാനമന്ത്രിയുമായിരുന്ന ബഹുമാന്യനായ രാജീവ് ഗാന്ധി മരണപ്പെടാനുണ്ടായ സാഹചര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ശ്രീ. രാജീവ് ഗാന്ധി ജീവിച്ചിരുന്ന കാലഘട്ടത്തിൽ, അദ്ദേഹത്തെ കള്ളനായി മുദ്രകുത്തുകയും, വളരെയേറെ മനഃപ്രയാസങ്ങൾ ഉണ്ടാക്കുകയും ചെയ്ത പ്രതിപക്ഷം, അദ്ദേഹം മരണപ്പെട്ടപ്പോൾ, അദ്ദേഹത്തിനനുകൂലമായി മുതലക്കണ്ണീർ ഒഴുക്കുന്നതു കാണുമ്പോൾ അനേഷണത്തിലിരിക്കുന്ന ഒരു കേസിനെക്കുറിച്ച് പരാമർശങ്ങൾ നടത്തുമ്പോൾ ഞങ്ങൾക്കു പറയാനുള്ളത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനു നഷ്ടമായത് ബഹുമാന്യനായ രാജീവ് ഗാന്ധിയെ ആണ് എന്നതാണ്. അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് അനേഷിക്കുവാൻ ഞങ്ങളെക്കൊണ്ടാകും, അതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ ചിതാഭസ്മം ഇവിടെ കൊണ്ടുവന്ന്, ആ ചിതാഭസ്മത്തോട് ആദരവു കാണിച്ചപ്പോൾ, ആ ചിതാഭസ്മത്തെപ്പോലും പുച്ഛിച്ചു കണ്ടുകൊണ്ട്, നാടുനീളെ ചിതാഭസ്മം കൊണ്ടുനടന്ന് വോട്ടു പിടിക്കുന്നു എന്ന്, ഇവർ അന്ന് ആക്ഷേപിക്കുകയുണ്ടായി. പടക്കളത്തിൽ പടനായകൻ നഷ്ടപ്പെട്ട ഒരു അവസ്ഥയിലാണ് ഇന്ത്യൻ

***സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly